# കാലങ്ങളും കാലാവസ്ഥകളും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ

# ﴿العصر والأيام من نعم الله﴾

[ مليالم – Malayalam – മലയാളം ]


സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

سيد سعفر صادق



2014 - 1435

IslamHouse.com

بِسْمِ اللَّهِ الرَّحْمَنِ الرَّحِيم

**അല്ലാഹു മനുഷ്യന് ഒരുപാട് അനുഗ്രഹങ്ങൾ നൽകിയിട്ടുണ്ട്, അവന്റെ നഗ്ന നേത്രങ്ങൾ കൊണ്ട് കാണാൻ കഴിയുന്നതും, കഴിയാത്തതുമായ നിരവധി അനുഗ്രഹങ്ങൾ.അവന്റെ ചുറ്റുപാടും അനുഗ്രത്തങ്ങളുടെ കലവറയാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ എണ്ണികണക്കാക്കുവാൻ ഒരാൾക്കും സാധ്യമല്ല.അതാണ് വിശുദ്ധ ഖുർആൻ നമ്മെ ഉണർത്തുന്നത്.**

(وَآتَاكُمْ مِنْ كُلِّ مَا سَأَلْتُمُوهُ وَإِنْ تَعُدُّوا نِعْمَةَ اللَّهِ لاَ تُحْصُوهَا إِنَّ الإِنسَانَ لَظَلُومٌ كَفَّارٌ) (ابراهيم:٣٤)

‘നിങ്ങളവനോട് ആവശ്യപ്പെട്ടതിൽ നിന്നെല്ലാം നിങ്ങൾക്ക് അവൻ നൽകിയിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്കതിന്റെ കണക്കെടുക്കാനാവില്ല. തീർച്ചയായും മനുഷ്യൻ മഹാ അക്രമകാരിയും വളരെ നന്ദികെട്ടവനും തന്നെ’ (ഇബ്റാഹീം:34).

**ഭൂമി മുഴുവനും:**

**ആകാശ ഭൂമികളും, അതിലുള്ളവ മുഴുവനും മനുഷ്യന് അല്ലാഹു നൽകിയ അനുഗ്രഹങ്ങളാണ്,ചിലതവന് മനസിലാക്കാൻ കഴിയുന്നു, മറ്റു ചിലത് മനസിലാക്കാൻ കഴിയാത്തവയുമുണ്ട്. ഖുർആനിന്റെ പ്രസ്താവന നാം കാണുക:**

(هُوَ الَّذِي خَلَقَ لَكُمْ مَا فِي الأَرْضِ جَمِيعًا ثُمَّ اسْتَوَى إِلَى السَّمَاءِ فَسَوَّاهُنَّ سَبْعَ سَمَوَاتٍ وَهُوَ بِكُلِّ شَيْءٍ عَلِيمٌ) (البقرة: ٢٩)

“അവനാണ് നിങ്ങൾക്ക് വേണ്ടി ഭൂമിയിലുള്ളതെല്ലാം സൃഷ്ടിച്ചു തന്നത്. പുറമെ ഏഴ് ആകാശങ്ങളായി ക്രമീകരിച്ചുകൊണ്ട് ഉപരിലോകത്തെ സംവിധാനിച്ചവനും അവൻ തന്നെയാണ്. അവൻ എല്ലാ കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു” (അൽബഖറ:29).

**മാസവും കാലവും:**

നിമിഷങ്ങളും, മിനുട്ടുകളും, മണിക്കൂറുകുളം, ദിവസങ്ങളും,ആഴ്ചകളും, മാസങ്ങളും, വർഷങ്ങളും, ഇവ കണക്കാക്കുവാനുള്ള ചന്ദ്രനേയും, സൂര്യനെയും, സമയത്തെയും മനുഷ്യന് വേണ്ടി തന്നെയാണ് ലോക രക്ഷിതാവ് സൃഷ്ടിക്കുകയും, സംവിധാനിക്കുകയും ചെയ്തിരിക്കുന്നത്. ഖുർആൻ വ്യക്തമാക്കുന്നത് ശ്രദ്ധിക്കുക:

يَسْأَلُونَكَ عَنْ الْأَهِلَّةِ قُلْ هِيَ مَوَاقِيتُ لِلنَّاسِ وَالْحَجِّ ) (البقرة:١٨٩)

"(നബിയേ,) നിന്നോടവർ ചന്ദ്രക്കലകളെപ്പറ്റി ചോദിക്കുന്നു. പറയുക: മനുഷ്യരുടെ ആവശ്യങ്ങൾക്കും ഹജ്ജ് തീർത്ഥാടനത്തിനും കാലനിർണയത്തിനുള്ള ഉപാധികളാകുന്നു അവ" (അൽബഖറ:189).

**പ്രാർത്ഥിക്കുക നാം:**

മനുഷ്യന് വേണ്ടി സൃഷ്ടിക്കപ്പെട്ട ചന്ദ്ര പിറവി കാണുമ്പോൾ അതിനെ നമുക്ക് സംവിധാനിച്ച് തന്ന സൃഷ്ടാവിനെ നാം വാഴ്തുകയും,അതിന് നന്ദിയെന്നോണം പ്രാർത്ഥിക്കുകയും ചെയ്യേണ്ടതുണ്ട്.റസൂലുല്ലാഹ്(ﷺ)നമ്മെ കൃത്യമായി പഠിപ്പിച്ചത് നോക്കുക:

عن طَلْحَةَ بْنِ عُبَيْدِ اللَّهِ عَنْ أَبِيهِ عَنْ جَدِّهِ أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ كَانَ إِذَا رَأَى الْهِلَالَ قَالَ: اللَّهُمَّ أَهِلَّهُ عَلَيْنَا بِالْيُمْنِ وَالْإِيمَانِ وَالسَّلَامَةِ وَالْإِسْلَامِ رَبِّي وَرَبُّكَ اللَّهُ ) (أحمد)

ത്വൽഹബ്നു ഉബൈദില്ലാഹ് തന്റെ പിതാവിൽ നിന്നും,പിതാമഹനിൽ നിന്നും: "നബി(ﷺ) ചന്ദ്രോദയം ദർശിക്കുകയാണെങ്കിൽ ഇങ്ങനെ പറയാറുണ്ടായിരുന്നു: "അല്ലാഹുവേ എളുപ്പവും, വിശ്വാസവും സമാധാനവും ഇസ്‌ലാമുംകൊണ്ട് ഈ മാസത്തെ ഞങ്ങളിൽ ഉദിപ്പിക്കേണമേ.ഞങ്ങളുടേയും നിന്റേയും നാഥൻ അല്ലാഹുവാണ്. (അഹ്മദ്)

**രാവും പകലും:**

**മനുഷ്യൻെറ പ്രകൃതിക്കനുയോജ്യമായി രാവിനെയും, പകലിനെയും സംവിധാനിച്ച അല്ലാഹു മനുഷ്യന് എന്ത് മാത്രം അനുഗ്രഹമാണ് നൽകിയിരിക്കുന്നത്, ഈ ഒരു കാര്യം മാത്രം ചിന്തിക്കുന്നവർക്ക് തന്നെ തൻെറ സൃഷ്ടാവിനെ കണ്ടെത്തുവാനും, അവനിൽ വിശ്വസിക്കുവാനും സാധിക്കുന്നതാണ്. എന്നാൽ ബുദ്ധിയുള്ളവർക്ക്, അതിനെ ശരിയാവണ്ണം പ്രയോചനപ്പെടുത്തുന്നവർക്ക് മാത്രമെ അത് ഒരു ദൃഷ്ടാന്തമായി അനുഭവപ്പെടുകയുള്ളൂ. അല്ലാഹുവിൻെറ വചനം നാം കാണുക:**

(إِنَّ فِي خَلْـقِ السَّـمَوَاتِ وَالأَرْضِ وَاخْـتِلاَفِ اللَّيْـلِ وَالنَّهَـارِ لآيَـاتٍ لأُولِي الأَلْبَـابِ) (آل عمران: ١٩٠)

'തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും, രാപകലുകൾ മാറി മാറി വരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.' (ആലു ഇംറാൻ:190)

(أَلَمْ تَرَى أَنَّ اللَّهَ يُولِجُ اللَّيْلَ فِي النَّهَارِ وَيُولِجُ النَّهَارَ فِي اللَّيْلِ وَسَـخَّرَ الشَّـمْسَ وَالْقَمَـرَ كُلٌّ يَجْرِي إِلَى أَجَلٍ مُسَمًّى وَأَنَّ اللَّهَ بِمَا تَعْمَلُونَ خَبِيرٌ) (لقمان:٢٩)

"അല്ലാഹു രാത്രിയെ പകലിൽ പ്രവേശിപ്പിക്കുകയും, പകലിനെ രാത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നു എന്ന് നീ ചിന്തിച്ചു നോക്കിയിട്ടില്ലേ? അവൻ സൂര്യനെയും ചന്ദ്രനെയും അധീനപ്പെടുത്തുകയും ചെയ്തിരിക്കുന്നു. എല്ലാം നിർണിതമായ ഒരു അവധിവരെ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാണെന്നും (നീ ആലോചിച്ചിട്ടില്ലേ?)" (ലുഖ്മാൻ:29)

**ഖുർആൻ മനുഷ്യൻെറ ചിന്തയെ ഒന്നു കൂടി തൊട്ടുണർത്തിക്കൊണ്ട് ചോദിക്കുന്ന കാര്യം വളരെ ശ്രദ്ധേയമാണ്, നിങ്ങൾക്ക് എപ്പോഴും രാത്രിയാണെങ്കിൽ ആരാണ്പകൽ കൊണ്ട് വന്ന് തരിക, അതുപോലെ നേരെ തിരിച്ചും. ചിന്തിക്കുന്നില്ലേ, അല്ലാഹുവിൻെറ ആയത്തുകൾ.ഈ വചനം ഒന്ന് വായിച്ച് നോക്കുക:**

(قُلْ أَرَأَيْتُمْ إِنْ جَعَلَ اللَّهُ عَلَيْكُمُ اللَّيْلَ سَرْمَدًا إِلَى يَوْمِ الْقِيَامَةِ مَنْ إِلَٰهٌ غَيْرُ اللَّهِ يَأْتِيكُمْ بِضِيَاءٍ أَفَلَا تَسْمَعُونَ * قُلْ أَرَأَيْتُمْ إِنْ جَعَلَ اللَّهُ عَلَيْكُمُ النَّهَارَ سَرْمَدًا إِلَى يَوْمِ الْقِيَامَةِ مَنْ إِلَٰهٌ غَيْرُ اللَّهِ يَأْتِيكُمْ بِلَيْلٍ تَسْكُنُونَ فِيهِ أَفَلَا تُبْصِرُونَ) (القصص:٧١-٧٢)

“(നബിയേ,) പറയുക: നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? ഉയിർത്തെഴുന്നേൽപിന്റെ നാളുവരെ അല്ലാഹു നിങ്ങളുടെ മേൽ രാത്രിയെ ശാശ്വതമാക്കിത്തീർത്തിരുന്നെങ്കിൽ അല്ലാഹു അല്ലാത്ത ഏതൊരു ദൈവമാണ് നിങ്ങൾക്ക് വെളിച്ചം കൊണ്ട് വന്നു തരിക? എന്നിരിക്കെ നിങ്ങൾ കേട്ടുമനസ്സിലാക്കുന്നില്ലേ?

പറയുക: നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? ഉയിർത്തെഴുന്നേൽപിന്റെ നാളുവരെ അല്ലാഹു നിങ്ങളുടെ മേൽ പകലിനെ ശാശ്വതമാക്കിയിരുന്നുവെങ്കിൽ അല്ലാഹുവല്ലാത്ത ഏതൊരു ദൈവമാണ് നിങ്ങൾക്ക് വിശ്രമിക്കുവാൻ ഒരു രാത്രികൊണ്ട് വന്ന് തരിക? എന്നിരിക്കെ നിങ്ങൾ കണ്ടുമനസ്സിലാക്കുന്നില്ലേ?” (ഖസസ്: 71–72)

## ഉപജീവനത്തിനായ്

(وَجَعَلْنَا النَّهَارَ مَعَاشًا) (النبأ:١١)

“പകലിനെ നാം ജീവസന്ധാരണവേളയാക്കുകയും ചെയ്തിരിക്കുന്നു.” (നബഅ്:11)

## ഉറങ്ങാനായ്

(وَجَعَلْنَا اللَّيْلَ لِبَاسًا) ( النبأ: ١٠)

“രാത്രിയെ നാം ഒരു വസ്ത്രമാക്കുകയും”, (നബഅ്:10)

**ഇത്രത്തോളം അനുഗ്രഹം നൽകിയ രക്ഷിതാവിനെ നാം സ്തുതിച്ചുവോ, നന്ദി ചെയ്തുവോ. തിരുനബി നമ്മെ കൃത്യമായി പഠിപ്പിച്ചില്ലേ.രാവിലെയും വൈകുന്നേരവും പ്രാർത്ഥിക്കുവാനായി പഠിപ്പിച്ച പ്രാർത്ഥന നാം മന:പാഠമാക്കിയോ, പ്രാർത്ഥിച്ചുവോ, പാരായണം ചെയ്തുവോ?**

( عَنْ أَبِي هُرَيْرَةَ قَالَ كَانَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يُعَلِّمُ أَصْحَابَهُ يَقُولُ إِذَا أَصْبَحَ أَحَدُكُمْ فَلْيَقُلِ : اللَّهُمَّ بِكَ أَصْبَحْنَا وَبِكَ أَمْسَيْنَا وَبِكَ نَحْيَا وَبِكَ نَمُوتُ وَإِلَيْكَ الْمَصِيرُ ،

(وَإِذَا أَمْسَى فَلْيَقُلِ اللَّهُمَّ بِكَ أَمْسَيْنَا وَبِكَ أَصْبَحْنَا وَبِكَ نَحْيَا وَبِكَ نَمُوتُ وَإِلَيْكَ النُّشُورُ)
قَالَ أَبمو عِيسَى هَذَا حَدِيثٌ حَسَنٌ *

അബൂഹുറൈറ(﵁)വിൽ നിന്ന്; നിങ്ങൾക്ക് പ്രഭാതമായാൽ നിങ്ങൾ ഇങ്ങനെ പറയുകയെന്ന് പറഞ്ഞ്കൊണ്ട് റസൂലുല്ലാഹി (ﷺ)തൻെറ അനുചരൻമാരെ ഇങ്ങനെ പഠിപ്പിക്കാറുണ്ടായിരുന്നു: "അല്ലാഹുവേ, നിൻെറ (സഹായം) കൊണ്ട് ഞങ്ങൾ പ്രഭാതത്തിലായിരിക്കുന്നു. നിൻെറ (സഹായം) കൊണ്ട് ഞങ്ങൾ വൈകുന്നേരത്തിലുമായിരിക്കുന്നു.ഞങ്ങൾ ജീവിക്കുന്നതും മരിക്കുന്നതും നിന്നെക്കൊണ്ടാണ്. നിന്നിലേക്കാണ് മടക്കവും, വൈകുന്നേരമായാൽ പറയട്ടെ; "അല്ലാഹുവേ, നിൻെറ (സഹായം) കൊണ്ട് ഞങ്ങൾ വൈകുന്നേരത്തിലായിരിക്കുന്നു, നിൻെറ (സഹായം) കൊണ്ട് ഞങ്ങൾ പ്രഭാതത്തിലുമായിരിക്കുന്നു.ഞങ്ങൾ ജീവിക്കുന്നതും മരിക്കുന്നതും നിന്നെക്കൊണ്ടാണ്. നിന്നിലേക്കാണ് മടക്കവും" (തിർമിദി)

**കാലത്തെ അസഭ്യം പറയരുത്:**

കാലാവസ്ഥകൾ അല്ലാഹുവിൻെറ തീരുമാനപ്രകാരമാണ് മാറിമറിയുന്നത്, അതുകൊണ്ട് തന്നെ നമുക്കിഷ്ടമില്ലാത്ത കാലത്തെ അസഭ്യം പറയുന്നതും, പരിഹസിക്കുന്നതും,വെറുക്കുന്നതും അല്ലാഹുവിനെ അസഭ്യം പറയുന്നതിന് തുല്യമായിരിക്കും. റസൂലുല്ലാഹി(ﷺ) പ്രസ്താവിക്കുന്നത് കാണുക:

(عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: لاَ تَسُبُّوا الدَّهْرَ فَإِنَّ اللَّهَ هُوَ الدَّهْرُ ) (مسلم)

അബൂഹുറൈറ(﵁)വിൽ നന്ന്;"നബി(ﷺ) പറഞ്ഞു:നിങ്ങൾ കാലത്തെ ചീത്ത പറയരുത്, കാരണം തീർച്ചയായും അല്ലാഹു കാലമാകുന്നു" (മുസ്ലിം)

**മഴ അല്ലാഹുവിൻെറ അനുഗ്രഹം:**

മനുഷ്യ നിലനിൽപിന്ന് അനിവാര്യമായ ഒന്നാണ് മഴയെന്നത്, അതല്ലാഹുവിൻെറ അപാരമായ അനുഗ്രഹമായിട്ടാണ് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നത്:

(وَهُوَ الَّذِي يُنَزِّلُ الْغَيْثَ مِنْ بَعْدِ مَا قَنَطُوا وَيَنْشُرُ رَحْمَتَهُ وَهُوَ الْوَلِيُّ الْحَمِيدُ) (الشورى: ٢٨)

“അവൻ തന്നെയാകുന്നു മനുഷ്യർ നിരാശപ്പെട്ടുകഴിഞ്ഞതിനു ശേഷം മഴ വർഷിപ്പിക്കുകയും, തന്റെ കാരുണ്യം വ്യാപിപ്പിക്കുകയും ചെയ്യുന്നവൻ. അവൻ തന്നെയാകുന്നു സ്തുത്യർഹനായ രക്ഷാധികാരി.” (ശൂറാ:28)

ദൈവികാനുഗ്രഹമായ മഴ നമുക്ക് ലഭിക്കുമ്പോൾ അതിന് നന്ദിയെന്നോളം അവനോട് നാം പ്രാർത്ഥിക്കുക. റസൂലുല്ലാഹ് (ﷺ)യുടെ പ്രാർത്ഥന വ്യക്തമാണ്.

( عَنْ عَائِشَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: كَانَ إِذَا رَأَى الْمَطَرَ قَالَ: اللَّهُمَّ صَيِّبًا نَافِعًا ) (البخاري)

ആയിശാ ണ്ടടന്ന(رضي الله عنها)യിൽ നിന്ന്: “റസൂലുല്ലാഹ്(ﷺ) മഴ കാണുകയാണെങ്കിൽ ഇപ്രകാരം പറയാറുണ്ടായിരുന്നു: “അല്ലാഹുവെ, ഞങ്ങൾക്ക് ഉപകാരപ്പെടുന്ന മഴ നൽകേണമേ”(ബുഖാരി) മഴ വർഷിക്കുന്നത് ഏതെങ്കിലും ഞാറ്റുവേലകൾ മുഖേനയോ,നക്ഷത്രങ്ങൾ കാരണമോ അല്ല, മറിച്ച് സർവ്വശക്തനായ അല്ലാഹുവിൻെറ അനുഗ്രഹമാണ് മഴയെന്നത്, ആയതിനാൽ അല്ലാഹുവിൻെറ അനുഗ്രഹം കൊണ്ട് മഴ വർഷിച്ചുവെന്നാണ് വിശ്വാസിയിൽ നിന്നും പുറത്ത് വരേണ്ടത്, അതല്ലാതെ ഇന്ന ഞാറ്റുവേല കൊണ്ട്, അല്ലെങ്കിൽ നക്ഷത്രം മുഖേന മഴ പെയ്തുവെന്ന് വിശ്വാസി പറയാൻ പാടില്ലായെന്നതാണ് താഴെ വരുന്ന പ്രവാചക വചനം നമ്മെ ബോധ്യപ്പെടുത്തുന്നത്.

(عَنْ زَيْدِ بْنِ خَالِدٍ الْجُهَنِيِّ أَنَّهُ قَالَ صَلَّى لَنَا رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: صَلَاةَ الصُّبْحِ بِالْحُدَيْبِيَةِ عَلَى إِثْرِ سَمَاءٍ كَانَتْ مِنَ اللَّيْلَةِ فَلَمَّا انْصَرَفَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَقْبَلَ عَلَى النَّاسِ فَقَالَ: هَلْ تَدْرُونَ مَاذَا قَالَ رَبُّكُمْ قَالُوا: اللَّهُ وَرَسُولُهُ أَعْلَمُ، قَالَ : أَصْبَحَ

مِنْ عِبَادِي مُؤْمِنٌ بِي وَكَافِرٌ فَأَمَّا مَنْ قَالَ: مُطِرْنَا بِفَضْلِ اللَّهِ وَرَحْمَتِهِ فَذَلِكَ مُؤْمِنٌ بِي كَافِرٌ بِالْكَوْكَبِ، وَأَمَّا مَنْ قَالَ: بِنَوْءِ كَذَا وَكَذَا فَذَلِكَ كَافِرٌ بِي مُؤْمِنٌ بِالْكَوْكَبِ) (بخاري)

സൈദ്ബനു ഖാലിദ്ണ്ടന്ന(ﷺ) നിവേദനം: ഹുദൈബിയ്യ: യിൽ വെച്ച് രാത്രി മഴ ലഭിച്ചതിന് ശേഷമുള്ള ഒരു സുബ്ഹ് നമസ്കാരം നബി(ﷺ) ഞങ്ങളേയുമായി നമസ്കരിച്ചു. നമസ്കാരത്തിൽ നിന്ന് നബി(ﷺ) വിരമിച്ചപ്പോൾ ജനങ്ങളുടെ നേരെ തിരിഞ്ഞുകൊണ്ട് അവിടുന്ന് പറഞ്ഞു. ഇന്ന് രാത്രി നിങ്ങളുടെ രക്ഷിതാവ് എന്താണ് പ്രസ്താവിച്ചതെന്ന് നിങ്ങൾക്കറിയുമോ? അവർ പറഞ്ഞു: അല്ലാഹുവും അവന്റെ ദൂതനുമാണ് ഏറ്റവും അറിവുള്ളത്. നബി(ﷺ) പറഞ്ഞു. ഇന്ന് എന്റെ അടിയന്മാരിൽ ഒരു വിഭാഗം എന്നിൽ വിശ്വസിച്ചുകൊണ്ടും മറ്റൊരു വിഭാഗം എന്നെ നിഷേധിച്ചും കൊണ്ടും പ്രഭാതത്തിൽ പ്രവേശിക്കും. അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടും കാരുണ്യം കൊണ്ടും ഞങ്ങൾക്ക് മഴ ലഭിച്ചുവെന്ന് പറയുന്നവർ എന്നിൽ വിശ്വസിച്ചു. ഞാറ്റുവേലയെ നിഷേധിച്ചു.എന്നാൽ  ഞാറ്റുവേല കൊണ്ട് ഞങ്ങൾക്ക് മഴ ലഭിച്ചുവെന്നു പറയുന്നവർ എന്നെ നിഷേധിക്കുകയും ഞാറ്റുവേലയിൽ വിശ്വസിക്കുകയും ചെയ്തു. (ബുഖാരി)

**അല്ലാഹുവിൻെറ അനുഗ്രഹമായ മഴ കുറഞ്ഞ്പോവുകയോ,ഇല്ലാതിരിക്കുകയോ ചെയ്താൽ അതിനായി റസൂലുല്ലാഹ്(ﷺ) പഠിപ്പിച്ച രൂപത്തിൽ പ്രാർത്ഥനയും നമസ്കാരവും നാം നടത്തണം. എന്നാൽ മഴ കൂടിപോവുകയാണെങ്കിൽ റസൂലുല്ലാഹ്(ﷺ) യുടെ കാലത്ത് മഴ അധികരിച്ചപ്പോൾ തിരുമേനി ചെയ്തത് പോലെ നാം പ്രവർത്തിക്കുക.അതിലേക്ക് വെളിച്ചം വീശുന്ന പ്രവാചക വചനം ശ്രദ്ധേയമാണ്:**

( عَنْ أَنَسِ بْنِ مَالِكٍ أَنَّ رَجُلًا دَخَلَ الْمَسْجِدَ يَوْمَ جُمُعَةٍ مِنْ بَابٍ كَانَ نَحْوَ دَارِ الْقَضَاءِ وَرَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَائِمٌ يَخْطُبُ فَاسْتَقْبَلَ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَائِمًا ثُمَّ قَالَ: يَا رَسُولَ اللَّهِ هَلَكَتِ الْأَمْوَالُ وَانْقَطَعَتِ السُّبُلُ فَادْعُ اللَّهَ يُغِيثُنَا فَرَفَعَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَدَيْهِ ثُمَّ قَالَ: اللَّهُمَّ أَغِثْنَا اللَّهُمَّ أَغِثْنَا اللَّهُمَّ أَغِثْنَا، قَالَ: أَنَسٌ وَلَا وَاللَّهِ مَا نَرَى فِي السَّمَاءِ مِنْ سَحَابٍ وَلَا قَزَعَةً وَمَا بَيْنَنَا وَبَيْنَ سَلْعٍ مِنْ بَيْتٍ وَلَا دَارٍ

قَالَ: فَطَلَعَتْ مِنْ وَرَائِهِ سَحَابَةٌ مِثْلُ التُّرْسِ فَلَمَّا تَوَسَّطَتِ السَّمَاءَ انْتَشَرَتْ ثُمَّ أَمْطَرَتْ فَلَا وَاللَّهِ مَا رَأَيْنَا الشَّمْسَ سِتًّا ثُمَّ دَخَلَ رَجُلٌ مِنْ ذَلِكَ الْبَابِ فِي الْجُمُعَةِ وَرَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَائِمٌ يَخْطُبُ فَاسْتَقْبَلَهُ قَائِمًا فَقَالَ: يَا رَسُولَ اللَّهِ هَلَكَتِ الأَمْوَالُ وَانْقَطَعَتِ السُّبُلُ فَادْعُ اللَّهَ يُمْسِكْهَا عَنَّا قَالَ: فَرَفَعَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَدَيْهِ ثُمَّ قَالَ: اللَّهُمَّ حَوَالَيْنَا وَلاَ عَلَيْنَا اللَّهُمَّ عَلَى الْآكَامِ وَالظِّرَابِ وَبُطُونِ الْأَوْدِيَةِ وَمَنَابِتِ الشَّجَرِ قَالَ: فَأَقْلَعَتْ وَخَرَجْنَا نَمْشِي فِي الشَّمْسِ ) (بخاري)

അനസ്ബ്നു മാലികിൽ നിന്ന്; ദാറുൽ ഖളാഇൻെറ ഭാഗത്തുള്ള വാതിലിലൂടെ റസൂലുല്ലാഹ്(ﷺ) ഖുതുബ നടത്തിക്കൊണ്ടിരിക്കെ വെള്ളിയാഴ്ച ദിവസം ഒരാൾ പള്ളിയിൽ പ്രവേശിച്ച്കൊണ്ട് പ്രവാചകനെ അഭിമുഖീകരിച്ച് പറയുകയുണ്ടായി:“അല്ലാഹുവിൻെറ തിരുദൂതരെ, മുതലുകൾ നശിച്ചിരിക്കുന്നു, വഴികൾ മുറിഞ്ഞു പോയിരിക്കുന്നു, ആയതിനാൽ മഴ വർഷിക്കുവാൻ അല്ലാഹുവിനോട് പ്രാർത്ഥിച്ചാലും, അപ്പോൾ റസൂലുല്ലാഹ് തൻെറ ഇരുകരങ്ങളും ഉയർത്തിക്കൊണ്ട് പ്രാർത്ഥിച്ചു, അല്ലാഹുവെ, ഞങ്ങൾക്ക് മഴ വർഷിപ്പിച്ച് തരേണമേ, അല്ലാഹുവെ, ഞങ്ങൾക്ക് മഴ വർഷിപ്പിച്ച് തരേണമേ, അല്ലാഹുവെ, ഞങ്ങൾക്ക് മഴ വർഷിപ്പിച്ച് തരേണമേ, അനസ്(رضي الله عنه) പറയുന്നു: അല്ലാഹു തന്നെയാണ് സത്യം! ഞങ്ങൾ വീടുകളിൽ നിന്നും വരുന്ന സന്ദർഭത്തിൽ ആകാശത്ത് ഞങ്ങൾക്ക് മേഖത്തെയോ, മഴ വർഷിക്കുന്നതിൻെറ കാണാൻ സാധിച്ചിരുന്നില്ല, അങ്ങിനെയതാ ആകാശത്ത് മേഘങ്ങൾ ഒന്നായി വ്യാപിക്കുകയും,മഴ വർഷിക്കാൻ ആരംഭിക്കുകയും ചെയ്തു.അല്ലാഹു തന്നെയാണ സത്യം ആറ് ദിവസം ഞങ്ങൾ സൂര്യൻ കാണാത്ത രൂപത്തിൽ മഴ വർഷിക്കുകയുണ്ടായി,ആ വാതിലിൽ കൂടി തന്നെ റസൂലുല്ലാഹ്(ﷺ) ഖുതുബ നടത്തിക്കൊണ്ടിരിക്കെ വെള്ളിയാഴ്ച ദിവസംഒരാൾ പള്ളിൽ പ്രവേശിച്ച് കൊണ്ട് പ്രവാചകനെ അഭിമുഖീകരിച്ച് പറയുകയുണ്ടായി:മുതലുകൾ നശിക്കുകയും, വഴികൾ മുറിഞ്ഞുപോവുകയും ചെയ്തിരിക്കുന്നു,മഴ നിൽക്കുവാൻ വേണ്ടി താങ്കൾ പ്രാർത്ഥിച്ചാലും, തിരുമേനി(ﷺ)

തൻെറ ഇരുകരങ്ങളും ഉയർത്തിക്കൊണ്ട് പ്രാർത്ഥിച്ചു: അല്ലാഹു വേ,ഞങ്ങൾക്കു മുകളിലല്ല,ഞങ്ങൾക്കു ചുറ്റും നീ മഴ വർഷിപ്പി ക്കേണമേ,അല്ലാഹുവെ, കുന്നുകളിലും, മലമുകളിലും,താഴ്വരക ളിലും, വൃക്ഷചുവട്ടിലും നീ മഴ വർഷിപ്പിക്കേണമേ.''(അനസ് പ റയുന്നു: അങ്ങിനെ മഴ നിൽക്കുകയുണ്ടായി, ഞങ്ങൾ വെയില ത്ത് നടന്ന് പോയി'' (ബുഖാരി)

**കഠിന ചൂടും തണുപ്പും:**

കഠിനമായ ചൂടും തണുപ്പും നരകത്തിൽ നിന്നാണെന്ന് റസൂ ലുല്ലാഹ്(ﷺ) പ്രസ്താവിക്കുന്നു:

( عَنْ أَبِي هُرَيْرَةَ عَنْ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنَّهُ قَالَ: إِذَا اشْتَدَّ الْحَرُّ فَأَبْرِدُوا عَنِ الصَّلَاةِ فَإِنَّ شِدَّةَ الْحَرِّ مِنْ فَيْحِ جَهَنَّمَ ) (بخاري)

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന്; "നബി(ﷺ) പറഞ്ഞു: "ചൂട് കഠിന മാകുമ്പോൾ നമസ്കാരം അൽപം തണുത്തതിന് ശേഷം നിർ വ്വഹിക്കുക,കാരണം കഠിനചൂട് നരകത്തിൻെറ ആവിയിൽ നിന്നു ള്ളതാകുന്നു' (ബുഖാരി)

(عَنْ أَبِي هُرَيْرَةَ أَنَّ جَهَنَّمَ اسْتَأْذَنَتْ رَبَّهَا فَنَفَّسَهَا فِي كُلِّ عَامٍ مَرَّتَيْنِ فَشِدَّةُ الْحَرِّ مِنْ حَرِّ جَهَنَّمَ وَشِدَّةُ الْبَرْدِ مِنْ زَمْهَرِيرِهَا ) (أحمد)

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന്; "നബി(ﷺ) പറഞ്ഞു:'തീർച്ചയായും നരകം അതിൻെറ രക്ഷിതാവിനോട് എല്ലാ വർഷം രണ്ട് പ്രാവ ശ്യം നിശ്വസിക്കുവാൻ അനുവാദം തേടുകയുണ്ടായി,കഠിനമായ ചൂട് നരകത്തിൻെറ ചൂടും, കഠിന ശൈത്യം അതിൻെറ നെടു വീർപ്പുമാകുന്നു'' (അഹമദ്)

**കാറ്റടിക്കുമ്പോൾ നാം പ്രാർത്ഥിക്കണം:**

അല്ലാഹു മനുഷ്യന് നൽകിയ മറ്റൊരു അനുഗ്രഹമാണ് കാ റ്റ്,നല്ല ക്ഷീണവും, ഉഷ്ണവുമുണ്ടാകുമ്പോൾ നല്ല തണുത്ത മന്ദ മാരുതൻ അനുഭവിക്കുമ്പോഴുള്ള സുഖം നാം പറഞ്ഞറിയിക്കേ ണ്ടതില്ലല്ലോ?. എന്നാലത് അല്ലാഹുവിൻെറ ശിക്ഷയായി മാറിയാ

ൽ അതിൻെറ അപകടവും പറഞ്ഞറിയിക്കേണ്ടതില്ല. ആയതിനാൽ കാറ്റടിക്കുമ്പോൾ പ്രാർത്ഥിക്കേണ്ട രൂപവും അല്ലാഹുവിൻെറ റസൂൽ(ﷺ) നമ്മെ പഠിപ്പിച്ചിരിക്കുന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

عَنْ عَائِشَةَ زَوْجِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنَّهَا قَالَتْ: كَانَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِذَا عَصَفَتِ الرِّيحُ ، قَالَ: اللَّهُمَّ إِنِّي أَسْأَلُكَ خَيْرَهَا وَخَيْرَ مَا فِيهَا وَخَيْرَ مَا أُرْسِلَتْ بِهِ وَأَعُوذُ بِكَ مِنْ شَرِّهَا وَشَرِّ مَا فِيهَا وَشَرِّ مَا أُرْسِلَتْ بِهِ قَالَتْ وَإِذَا تَخَيَّلَتِ السَّمَاءُ تَغَيَّرَ لَوْنُهُ وَخَرَجَ وَدَخَلَ وَأَقْبَلَ وَأَدْبَرَ فَإِذَا مَطَرَتْ سُرِّيَ عَنْهُ فَعَرَفْتُ ذَلِكَ فِي وَجْهِهِ ... ) * (مسلم)

ആയിശാ(رضي الله عنها)യിൽ നിന്ന്, അവർ പറഞ്ഞു: കാറ്റടിക്കുമ്പോൾ റസൂലുല്ലാഹ്(ﷺ) ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു: 'അല്ലാഹുവേ, കാറ്റിൽ നല്ലതിനേയും അതിലുള്ളതിൻെറ നന്മയേയും അത് അയക്കപ്പെട്ടതിനാലുള്ള നന്മയേയും നിന്നോട് ഞാൻ ചോദിക്കുന്നു. കാറ്റിൽ മോശമായതിൽ നിന്നും അതിലുള്ള തിന്മയിൽ നിന്നും അത് അയക്കപ്പെട്ടതിനാലുള്ള തിന്മയിൽ നിന്നും നിന്നിലഭയം തേടുന്നു' ആയിശാ(رضي الله عنها) പറയുന്നു: 'ആകാശത്തിൻെറ രൂപം മാറുമ്പോൾ പ്രവാചകൻ(ﷺ)യുടെ മുഖത്തിൻെറ നിറവും മാറും, വീട്ടിൽ നിന്ന് പുറത്തിറങ്ങി അങ്ങോട്ടുമിങ്ങോട്ടും പിന്നിലേക്കും നടക്കും,മഴ പെയ്താൽ പ്രവാചകന് സന്തോഷമാവും, അതും പ്രവാചകൻെറ മുഖത്ത് വെളിവാകും...) (മുസ്‌ലിം)

അതുകൊണ്ട് പ്രാപഞ്ചിക പ്രതിഭാസങ്ങളിൽ നാം ക്ഷമിക്കുകയും, അതിൽ നിന്ന് രക്ഷപ്പെടുവാനായി തിരുമേനി പഠിപ്പിച്ച പ്രാർത്ഥനകൾ നിത്യ ജീവിതത്തിൽ പകർത്തുകയും ചെയ്യുക.അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ. ആമീൻ

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين

************